പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T * 232

08/07/2015 ൽ മറുപടിക്ക്

## വൃക്കരോഗികൾക്ക് സാന്ത്വനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ഉബൈദുള്ള<br>,, ടി.എ.അഹമ്മദ് കബീർ<br>,, സി.മോയിൻ കുട്ടി<br>,, സി. മമ്മൂട്ടി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വൃക്കരോഗികൾ അനുഭവിക്കുന്ന ദുരിതം ലഘൂകരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കയാണെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വൃക്കരോഗികൾക്കാവശ്യമായ എല്ലാ ചികിത്സകളും ലഭ്യമാണ്. വിദഗ്ധരായ നെഫ്രോളജിസ്റ്റുമാർക്ക് കീഴിൽ പൂർണ്ണ സജ്ജമായ ഡയാലിസിസ് വിഭാഗങ്ങൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാണ്. ഇതിനായുള്ള ഡയാലിസിസ് മെഷീനുകൾ, പരിശീലനം ലഭിച്ച നഴ്സുമാർ, ടെക്നീഷ്യന്മാർ എന്നിവരുടെ സേവനവും ലഭ്യമാണ്. വൃക്കരോഗികൾക്ക് ചികിത്സയ്ക്കായി കാരുണ്യാ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ അംഗീകൃത സ്വകാര്യ ആശുപത്രികൾ വഴിയും കാരുണ്യ ധനസഹായം നൽകുന്നു. |
| (ബി) | വൃക്കത്തകരാറുകൾ ഉണ്ടാകുന്നതിനുള്ള അടിസ്ഥാന കാരണങ്ങളെക്കുറിച്ച് പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ; വൃക്കത്തകരാറുകൾ ഉണ്ടാകാതിരിക്കാൻ പ്രതിരോധ പ്രവർത്തനങ്ങൾ പ്രായോഗികമാണോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | ഇല്ല. വൃക്കത്തകരാറ് ഉണ്ടാകുവാനുള്ള പ്രധാന കാരണങ്ങൾ നിയന്ത്രണവിധേയമല്ലാത്ത പ്രമേഹം, രക്തസമ്മർദ്ദം, വേദന സംഹാരികളുടെ അധികമായ ഉപയോഗം, കിഡ്നി സ്റ്റോൺ, നെഫ്രോട്ടിക് സിൻഡ്രോം മുതലായ അസുഖങ്ങളാണ്. പ്രമേഹം രക്തസമ്മർദ്ദം എന്നീ അസുഖങ്ങൾ കൊണ്ടാണ് പ്രധാനമായും വൃക്കത്തകരാറുകൾ ഉണ്ടാകുന്നത്. ഡയബറ്റീസും, ഹൈപ്പർടെൻഷനും കണ്ടു പിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുള്ള സൗകര്യങ്ങൾ 'നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോൾ പ്രോഗ്രാം വഴി നടപ്പിലാക്കി വരുന്നു. ഇവക്കുള്ള സൗജന്യ പരിശോധനകളും, തുടർച്ചയായ മരുന്ന് ലഭ്യതയും |

| | | | |
|---|---|---|---|
| | | | പി.എച്ച്.സി.കൾ വഴി നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ വൃക്കരോഗങ്ങളുടെ വർദ്ധനവ് ഒരു പരിധിവരെ തടയുവാൻ കഴിയുന്നുണ്ട്. |
| (സി) | സൗജന്യ ഡയാലിസിസ് സംവിധാനമൊരുക്കുന്നതിൽ എത്രത്തോളം വിജയം കൈവരിക്കാനായി എന്നതിന്റെ വിശദാംശം നൽകാമോ ? | (സി) | സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ 31 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. എസ്.എം.എ.പി. പദ്ധതി വഴി 10,000/- രൂപ വരെ ഡയാലിസിസിന് വിധേയരായ രോഗികൾക്ക് നൽകിവരുന്നുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ഒരു ഡയാലിസിസിന് 650/- രൂപ എന്ന നിരക്കിൽ 2 ലക്ഷം രൂപ വരെ രോഗികൾക്ക് ഡയാലിസിസിന് നൽകുന്നുണ്ട്. അതു കൂടാതെ ആർ.എസ്.ബി.വൈ. വഴിയും എച്ച്.എം.സി. ഫണ്ട് മുഖേനയും രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ